**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 596** **28-06-2022 - ൽ മറുപടിയ്ക്ക്**

**വനിതാ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുടുംബശ്രീ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, വനിതാ സഹകരണ സംഘങ്ങൾ തുടങ്ങിയവയുമായി സഹകരിച്ച് സ്ത്രീശാക്തീകരണം ലക്ഷ്യമിട്ട് സംസ്ഥാനത്ത് എല്ലാ ജില്ലകളിലും വനിതാ സംരംഭകർക്ക് മാത്രമായി വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് പദ്ധതികളുണ്ടോ; ഇല്ലെങ്കിൽ ഇത്തരം പദ്ധതി ആവിഷ്കരിക്കുമോ; | (എ) | നിലവിൽ പദ്ധതികളില്ല. ഇത്തരത്തിലുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് വിവിധ തലങ്ങളിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. എന്നാൽ കേരളത്തിലെ വ്യവസായ മേഖലയിലെ മുഖ്യധാരയിലേക്ക് വനിതാ വ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായ സംരംഭങ്ങൾ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുന്നതിനും കെ.എസ്.ഐ.ഡി.സി മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് വനിതാ സംരംഭകത്വ മിഷൻ അഥവാ 'വി മിഷൻ'. വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണയും, നെറ്റ്‌വർക്കിങ് മീറ്റിംഗുകളും, വ്യവസായ സംരംഭകരെ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുവാൻ സഹായിക്കുന്നതിനും,സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാദ്ധ്യതകൾ കണ്ടെത്തുന്നതിനുമുള്ള സാഹചര്യമൊരുക്കുകയുമാണ് വി മിഷൻ വഴി കെ.എസ്.ഐ.ഡി.സി ചെയ്തു വരുന്നത്.പ്രസ്തുത പദ്ധതിയിൽ 25 ലക്ഷം രൂപ വരെ സംരംഭകർക്ക് വായ്പ നൽകി വരുന്നു. കൂടാതെ വനിതാ സംരംഭകർക്കായി അങ്കമാലിയിൽ ഒരു വ്യവസായ സമുച്ചയവും പ്രവർത്തിക്കുന്നുണ്ട്. അപ്പാരൽ മേഖലയിലെ export oriented ആയിട്ടുള്ള വനിത സംരംഭകർക്കായി കെ.എസ്.ഐ.ഡി.സി യുടെ കീഴിൽ അങ്കമാലിയിൽ ഇൻകെൽ ബിസിനസ് ടവറിൽ ഒരു വുമൺ അപ്പാരൽ പാർക്ക് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഇത്തരം വനിതാ വ്യവസായ പാർക്കുകളിൽ കെട്ടിടമടക്കമുള്ള പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും അവ വനിതാ സംരംഭകർക്ക് പ്രതിമാസ വാടകയ്ക്ക് ലഭ്യമാക്കുന്നതിനും വേണ്ടി വ്യവസായ വകുപ്പിനു കീഴിൽ ലാന്റ് ഡവലപ്മെന്റ് സഹകരണ സംഘമോ സഹകരണ | (ബി) | നിലവിൽ പദ്ധതികളില്ല. ഇത്തരത്തിലുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് വിവിധ തലങ്ങളിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. എന്നാൽ കേരളത്തിലെ വ്യവസായ മേഖലയിലെ മുഖ്യധാരയിലേക്ക് വനിതാ വ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായ സംരംഭങ്ങൾ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുന്നതിനും |

| | | | |
|---|---|---|---|
| | കൺസോർഷ്യമോ രൂപീകരിക്കുന്നതിന് സന്നദ്ധമാകുമോ; അറിയിക്കാമോ; | | കെ.എസ്.ഐ.ഡി.സി മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് വനിതാ സംരംഭകത്വ മിഷൻ അഥവാ 'വി മിഷൻ'. വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണയും, നെറ്റ്‌വർക്കിങ് മീറ്റിംഗുകളും, വ്യവസായ സംരംഭകരെ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുവാൻ സഹായിക്കുന്നതിനും,സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാദ്ധ്യതകൾ കണ്ടെത്തുന്നതിനുമുള്ള സാഹചര്യമൊരുക്കുകയുമാണ് വി മിഷൻ വഴി കെ.എസ്.ഐ.ഡി.സി ചെയ്തു വരുന്നത്.പ്രസ്തുത പദ്ധതിയിൽ 25 ലക്ഷം രൂപ വരെ സംരംഭകർക്ക് വായ്പ നൽകി വരുന്നു. കൂടാതെ വനിതാ സംരംഭകർക്കായി അങ്കമാലിയിൽ ഒരു വ്യവസായ സമുച്ചയവും പ്രവർത്തിക്കുന്നുണ്ട്. അപ്പാരൽ മേഖലയിലെ export oriented ആയിട്ടുള്ള വനിത സംരംഭകർക്കായി കെ.എസ്.ഐ.ഡി.സി യുടെ കീഴിൽ അങ്കമാലിയിൽ ഇൻകെൽ ബിസിനസ് ടവറിൽ ഒരു വുമൺ അപ്പാരൽ പാർക്ക് നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകുന്നതിൽ ജില്ലകളിൽ ഒന്ന് വനിതാ വ്യവസായ പാർക്കുകളാകണം എന്ന നിബന്ധനയ്ക്ക് സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | നിലവിൽ പദ്ധതികളില്ല. ഇത്തരത്തിലുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് വിവിധ തലങ്ങളിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. എന്നാൽ കേരളത്തിലെ വ്യവസായ മേഖലയിലെ മുഖ്യധാരയിലേക്ക് വനിതാ വ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായ സംരംഭങ്ങൾ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുന്നതിനും കെ.എസ്.ഐ.ഡി.സി മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് വനിതാ സംരംഭകത്വ മിഷൻ അഥവാ 'വി മിഷൻ'. വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണയും, നെറ്റ്‌വർക്കിങ് മീറ്റിംഗുകളും, വ്യവസായ സംരംഭകരെ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുവാൻ സഹായിക്കുന്നതിനും,സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാദ്ധ്യതകൾ കണ്ടെത്തുന്നതിനുമുള്ള സാഹചര്യമൊരുക്കുകയുമാണ് വി മിഷൻ വഴി കെ.എസ്.ഐ.ഡി.സി ചെയ്തു വരുന്നത്.പ്രസ്തുത പദ്ധതിയിൽ 25 ലക്ഷം രൂപ വരെ സംരംഭകർക്ക് വായ്പ നൽകി വരുന്നു. കൂടാതെ വനിതാ സംരംഭകർക്കായി അങ്കമാലിയിൽ ഒരു വ്യവസായ സമുച്ചയവും പ്രവർത്തിക്കുന്നുണ്ട്. അപ്പാരൽ മേഖലയിലെ export oriented ആയിട്ടുള്ള വനിത സംരംഭകർക്കായി കെ.എസ്.ഐ.ഡി.സി യുടെ കീഴിൽ അങ്കമാലിയിൽ ഇൻകെൽ ബിസിനസ് ടവറിൽ ഒരു വുമൺ അപ്പാരൽ പാർക്ക് നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ